Rediffusion/Edelman


| Published Date: | 23 Sep 2017 | Publication: | Chandrika |
| --- | --- | --- | --- |
| Edition: | Kochi | Page No: | 2 |


# ടെക് ക്വിസ് 12 നഗരങ്ങളിൽ

## ടിസിഎസ് വിസ് കൊച്ചി എഡിഷൻ ഒക്റ്റോബർ പത്തിന്. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഏറ്റവും വലിയ മത്സരം

**കൊച്ചി:** സ്കൂളുകൾക്കായുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ടെക് ക്വിസ് ആയ ടിസിഎസ് ഐടി വിസ് 2017 ന്റെ കൊച്ചി എഡിഷൻ ഒക്റ്റോബർ പത്തിന് കൊച്ചിയിലെ കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവെൻഷൻ സെന്ററിൽ നടക്കും. മുൻനിര ഐടി സേവന കൺസൾട്ടൻസി സ്ഥാപനമായ ടാറ്റാ കൺസൾട്ടൻസി സർവീസസാണ് ക്വിസ് സംഘടിപ്പിക്കുന്നത്.

TATA CONSULTANCY SERVICES

എട്ടു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇതിൽ പങ്കെടുക്കാം. ഓരോ സ്കൂളിനും രണ്ടു പേർ വീതമുള്ള എട്ടു ടീമുകളെ വീതം അയക്കാം. പ്രവേശന ഫീസ് ഉണ്ടാകില്ല. അഹമ്മദാബാദ്, ബെംഗളൂരു, ഭുവനേശ്വർ, ചെന്നൈ, ഡെൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊച്ചി, കൊൽക്കത്ത, മുംബൈ, നാഗ്പൂർ, പൂനെ എന്നീ 12 കേന്ദ്രങ്ങളിലാണ് ടിസിഎസ് ഐടി വിസ് 2017 നടത്തുക.